DESPATCHED
On 26/11/22



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 603(1)/2022/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നമ്പർ: 8329/SIC-G4/2022)**
(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**
**തീയതി : 2022 നവംബർ 24**

ശ്രീ. ബിനേഷ്,
ശോബിജാ നിവാസ്,
ഒതയമംഗലത്തു മീത്തൽ,
ഭവൻസ് സ്കൂളിന് വടക്ക് വശം,
പി.ഒ. ചേവായൂർ, കോഴിക്കോട് -673 017. } അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
വില്ലേജ് ഓഫീസർ,
വില്ലേജ് ഓഫീസ്, കസബ,
കോഴിക്കോട്.
2) അപ്പീൽ അധികാരി & തഹസിൽദാർ (ഭൂരേഖ),
താലൂക്ക് ഓഫീസ്,
കോഴിക്കോട്. } എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 13/12/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 01/01/2022 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 07/01/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 05/02/2022 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 30/05/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 03/06/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 10/06/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 05/07/2022, 08/07/2022 |
| ഹിയറിംഗ് നടന്ന തീയതി | 23/11/2022 -വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ:<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. ബിനേഷ്, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം കസബ വില്ലേജ് ഓഫീസിലെ 1.9.21 മുതൽ 15.12.21 വരെ രേഖപ്പെടുത്തിയ വിവിധ രജിസ്റ്ററുകളുടെ വിവരങ്ങൾ ആവശ്യപ്പെട്ട് കൊണ്ട് സമർപ്പിച്ച അപേക്ഷയ്ക്ക് നൽകിയ മറുപടിയിൽ രജിസ്റ്ററിന്റെ പകർപ്പ് പരിശോധിച്ച് ക്രോഡീകരിച്ചു നൽകുവാൻ ധാരാളം സമയം ആവശ്യമുള്ളതിനാൽ മുൻകൂട്ടി അറിയിച്ചു ഓഫീസിലെത്തി ആവശ്യമായ രേഖകൾ

പരിശോധിക്കാമെന്നാണ് അറിയിച്ചതെന്നും മേൽപ്പടി മറുപടി തൃപ്തികരമല്ലാത്തതിനാൽ അപ്പീൽ അപേക്ഷ സമർപ്പിച്ചു എന്നും ആയതിനെ തുടർന്ന് ആവശ്യപ്പെട്ട പകർപ്പുകൾ നൽകാനാണ് ഒന്നാം അപ്പീൽ അധികാരി ഉത്തരവിട്ടതെന്നും ആയത് എസ്.പി.ഐ.ഒ. നൽകാൻ തയ്യാറായിട്ടില്ലെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട രേഖകൾ ലഭിക്കുന്നതിനാവശ്യമായ ഉത്തരവുണ്ടാകണമെന്നും കൂടാതെ വിവരാവകാശ നിയമത്തിലെ വ്യവസ്ഥകൾ പാലിക്കുന്നതിന് ഉചിതമായ നിർദ്ദേശങ്ങൾ എസ്.പി.ഐ.ഒ.യ്ക്ക് നൽകണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 13.12.2021-ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, കസബ വില്ലേജ് ഓഫീസിൽ പരിപാലിക്കുന്ന രജിസ്റ്ററുകളുടെ 1.9.21 മുതൽ 15.12.21 വരെ രേഖപ്പെടുത്തിയ വിവരങ്ങൾ ഉൾക്കൊള്ളുന്ന താഴെ പറയുന്ന രജിസ്റ്ററുകളുടെ പേജുകളുടെ പകർപ്പുകൾ നൽകണമെന്നാണ്:

i. തപാൽ രജിസ്റ്റർ
ii. ഡെസ്പ്പാച്ച് രജിസ്റ്റർ
iii. ലോക്കൽ ഡെലിവറി രജിസ്റ്റർ
iv. മൂവ്മെന്റ് രജിസ്റ്റർ
v. അറ്റൻഡൻസ് രജിസ്റ്റർ തുടങ്ങിയ 8 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 01.01.2022 തീയതി ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ആവശ്യപ്പെട്ട രജിസ്റ്ററിന്റെ പകർപ്പുകൾ പരിശോധിച്ച് ക്രോഡീകരിച്ച് നൽകുവാൻ ധാരാളം സമയം ആവശ്യമുള്ളതിനാൽ മുൻകൂട്ടി അറിയിച്ച് സൗകര്യപ്രദമായ ഒരു ദിവസം ഓഫീസിലെത്തി ആവശ്യമായ രേഖകൾ പരിശോധിക്കാവുന്നതാണെന്നുമാണ്. മേൽപ്പടി മറുപടിയ്ക്കെതിരെ ഹർജിക്കാരൻ 7.1.2022 തീയതി ഒന്നാം അപ്പീൽ സമർപ്പിച്ചു. മേൽപ്പടി അപ്പീൽ അപേക്ഷയ്ക്ക് ഒന്നാം അപ്പീൽ അധികാരി നൽകിയ മറുപടിയിൽ, ഹർജിക്കാരൻ കസബ വില്ലേജ് ഓഫീസർ മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ എസ്.പി.ഐ.ഒ. നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാലാണ് അപ്പീൽ സമർപ്പിച്ചിട്ടുള്ളതെന്നും അപ്പീൽ ഹർജിയും എസ്.പി.ഐ.ഒ. നൽകിയ മറുപടിയും മറ്റും പരിശോധിച്ചതിൽ വില്ലേജ് ഓഫീസറെയും ഹർജിക്കാരനെയും നേരിൽ കേൾക്കുന്നതിന് 24.1.2022 തീയതി തഹസിൽദാർ മുമ്പാകെ ഹാജരാകുവാൻ നോട്ടീസ് നൽകിയിരുന്നു എന്നും, പ്രസ്തുത ദിവസം കക്ഷി ഹാജരാവുകയും വില്ലേജ് ഓഫീസർ ഹാജരാവുകയോ ടി വിഷയത്തിൽ റിപ്പോർട്ട് സമർപ്പിക്കുകയോ ചെയ്തതായി കാണുന്നില്ല എന്നും ആയതിനാൽ ടി വിഷയത്തിൽ ഓഫീസ് രേഖകൾ പരിശോധിച്ച് ലഭ്യമായ വിവരങ്ങളുടെ പകർപ്പുകൾ ഫീസ്

RIGHT TO INFORMATION

ഈടാക്കാതെ ഹർജിക്കാരന് നൽകണമെന്ന് എസ്.പി.ഐ.ഒ.യ്ക്ക് നിർദ്ദേശം നൽകികൊണ്ട് അപ്പീൽ ഹർജി തീർപ്പാക്കിയിട്ടുള്ളതുമാണ്.

4. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 18.6.2022-ന് സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ കസബ വില്ലേജ് ഓഫീസിൽ വന്ന് നേരിട്ട് പരിശോധിക്കുന്നതിനാണ് ടി ഓഫീസിൽ നിന്ന് മറുപടി നൽകിയിരുന്നത് എന്നും പ്രസ്തുത മറുപടിയിൽ തൃപ്തി വരാതെ ഹർജിക്കാരൻ അപ്പീൽ അധികാരിക്ക് അപ്പീൽ നൽകുകയും അപ്പീൽ അധികാരിയുടെ 5.2.2022-ലെ നടപടിക്രമ പ്രകാരം കക്ഷി ആവശ്യപ്പെട്ട രേഖകൾ നൽകുവാൻ ഉത്തരവിട്ടതിന്റെ അടിസ്ഥാനത്തിൽ 10.2.2022-ന് ഹർജിക്കാരന് പ്രസ്തുത രേഖകൾ അയച്ചു കൊടുത്തിട്ടുള്ളതാണെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചതിന്റെയും ഹർജിക്കാരനേയും ഒന്നാം എതിർകക്ഷിയേയും നേരിൽ കേട്ടതിന്റെയും അടിസ്ഥാനത്തിൽ, എസ്.പി.ഐ.ഒ. കൂടിയായ കോഴിക്കോട് കസബ വില്ലേജ് ഓഫീസറോട് ഹർജിക്കാരന് ഫയൽ/രേഖൾ പരിശോധിക്കുന്നതിന് ഒരവസരം കൂടി നൽകാനും ടിയാൻ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട ടിയാന് ഇപ്പോൾ ആവശ്യമായ രേഖകളുടെ പകർപ്പ് സൗജന്യമായി നൽകാനും കമ്മീഷൻ നിർദ്ദേശിക്കുന്നു. കൂടാതെ എസ്.പി.ഐ.ഒ. 1.1.2022-ൽ നൽകിയ മറുപടി നിരുത്തരവാദപരമാണെന്ന് കാണുന്നു. വിവരാവകാശ നിയമം വായിച്ചു പഠിക്കണമെന്നും മേലിൽ ഇപ്രകാരം മറുപടി നൽകരുതെന്നും കമ്മീഷൻ എസ്.പി.ഐ.ഒ.യ്ക്ക് താക്കീത് നൽകുന്നു. കമ്മീഷൻ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള കാര്യങ്ങൾ നടപ്പാക്കിയത് സംബന്ധിച്ച റിപ്പോർട്ട് 11.12.2022-നകം എസ്.പി.ഐ.ഒ. കമ്മീഷനിൽ സമർപ്പിക്കേണ്ടതാണ്.

6. മേൽ നിർദ്ദേശിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 നവംബർ മാസം 24-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

Sd/

കമ്മീഷൻ സെക്രട്ടറി